പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5852 — 25.05. 2017 ൽ മറുപടിക്ക്

## കാസർഗോഡ് വൈദ്യുതിഭവന് സ്വന്തമായി കെട്ടിടം

ചോദ്യം — ഉത്തരം

ശ്രീ.കെ.കുഞ്ഞിരാമൻ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാസർഗോഡ് വൈദ്യുതി ഭവൻ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്;എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) വൈദ്യുതി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;<br><br>(സി) കെട്ടിടം പണിക്കുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും എത്ര പേർ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടെന്നും ടെണ്ടർ ഉറപ്പിച്ച് നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;<br><br>(ഡി) ഇല്ലെങ്കിൽ ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വിശദമാക്കാമോ ? | (എ) കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളും കാസർഗോഡ് ഇലക്ട്രിക്കൽ ഡിവിഷനും ഉൾപ്പെടുന്ന കാസർഗോഡ് വൈദ്യുതി ഭവൻ ഒക്ടോബർ 2015 മുതൽ വാടകയ്ക്ക് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് ഇപ്പോൾ 98,509/- രൂപ വാടക നൽകുന്നുണ്ട്.<br><br>(ബി) കാസർഗോഡ് വൈദ്യുതി ഭവനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1947 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം സ്റ്റീൽ പ്രീ ഫാബ് ടെക്നോളജി ഉപയോഗപ്പെടുത്തിയാണ് നിർമ്മിക്കുന്നത്.<br><br>(സി) & (ഡി) എസ്റ്റിമേറ്റ് തുക 4.20 കോടി രൂപ ആയിരുന്നു. 13.12.2016-ൽ കെട്ടിട നിർമ്മാണത്തിന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു ടെണ്ടറിൽ 5 പേർ പങ്കെടുത്തിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ റദ്ദു ചെയ്തു. 2016-ലെ ഡി.എസ്.ആർ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ടെണ്ടർ ക്ഷണിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ